പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2537** **18.6.2014** ന് മറുപടിയ്ക്ക്

# ഫാക്ടറി തൊഴിലാളികളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും<br>വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വൻകിട ചെറുകിട രജിസ്റ്റേഡ് , അൺരജിസ്റ്റേഡ് ഫാക്ടറികളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് ; | (എ) 6,45,013 തൊഴിലാളികൾ. |
| ബി) തൊഴിലാളികളുടെ സുരക്ഷാ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പു വരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിനായി എത്ര തുക 2014-15 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട് ;<br><br>സി) പ്രസ്തുത തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ എത്ര തുക വകയിരുത്തുവാൻ കഴിയും വിശദാംശം ലഭ്യമാക്കാമോ? | (ബി)&(സി) തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പു വരുത്തുന്നതിനായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് മുഖേന സർക്കാർ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) വകുപ്പിലെ സുരക്ഷാരഥം ഉപയോഗിച്ച് വിവിധ ഫാക്ടറികളിലെ തൊഴിലാളികൾക്ക് സുരക്ഷാ പരിശീലനം നൽകി വരുന്നു.<br>2) റീജിയണൽ ഓഫീസ് കേന്ദ്രീകരിച്ച് ഫാക്ടറികളിലെ സൂപ്പർവൈസർമാർ, മാനേജ്മെന്റ് പ്രതിനിധികൾ തുടങ്ങിയവർക്ക് പരിശീലനം നൽകി വരുന്നു.<br>3) വകുപ്പിലെ മെഡിക്കൽ വിഭാഗത്തിന്റെ കീഴിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.<br>4) Mock Drill, On-site Emergency Plan, Safety Awareness Programme, Workstudy എന്നിവ വിവിധ ഫാക്ടറികളിൽ നടത്തുന്നുണ്ട്.<br>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ട്രെയിനിംഗിലും സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി 15 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ